# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3157** **18.06.2019-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളി കുടുംബങ്ങളെക്കുറിച്ചുള്ള സർവ്വേ</u>**

| ചോദ്യം<br>ശ്രീ.എം. മുകേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കൊല്ലം ജില്ലയിലെ തീരദേശ മേഖലയിൽ അമ്പത് മീറ്റർ പരിധിയിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെക്കുറിച്ചുള്ള സർവ്വേ നടത്തിയിട്ടുണ്ടോ; എത്ര കുടുംബങ്ങളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | എ) കൊല്ലം ജില്ലയിലെ തീരദേശ മേഖലയിൽ 50 മീറ്റർ പരിധിയിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെക്കുറിച്ച 'കോസ്റ്റൽ ലൈൻ സർവ്വേ' (coastal line survey) 2017-18 കാലയളവിൽ നടത്തിയിരുന്നു. സർവ്വേ പ്രകാരം 1580 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ 50 മീറ്റർ പരിധിയിൽ താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

# അനുബന്ധം

തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനായി നടപ്പാക്കിയ ബി.ഐ.എഫ്&എച്ച്.ഡി.എഫ് (2017-18) ഭവന പദ്ധതിയുടെ കൊല്ലം ജില്ലയിലെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി ഘടകം | അനുവദിച്ച യൂണിറ്റ് | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം/ യൂണിറ്റ് | 79 | 49 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ സ്ഥലം രജിസ്റ്റർ ചെയ്യുകയും ഇതിൽ 32 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുമുണ്ട്. മറ്റുള്ളവർ വസ്തു വാങ്ങുന്നതിന്റെയും ഭവന നിർമ്മാണത്തിന്റെയും വിവിധ ഘട്ടങ്ങളിലാണ്. |
| 2 | 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തമായി ഭൂമിയുള്ളവരുമായവർക്ക് ഭവന നിർമ്മാണ ധനസഹായം @ 4 ലക്ഷം രൂപ/ യൂണിറ്റ് | 178 | വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 158 പേരിൽ 141 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 2016-17 ൽ നടപ്പാക്കിയ പ്രത്യേക പാക്കേജിൽ (അഭയം) ഉൾപ്പെടുത്തി 5 പേർ സ്ഥലം വാങ്ങി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഓഖി പുനരധിവാസ പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട ഒരു മത്സ്യത്തൊഴിലാളിക്ക് സ്ഥലം വാങ്ങി ഭവന നിർമ്മാണ ഘട്ടത്തിലാണ്.

സെക്ഷൻ ആഫീസർ